**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2009** **03-03-2025 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നാട്ടിക നിയോജക മണ്ഡലത്തിൽ 2021 ഏപ്രിൽ മുതൽ 2025 ജനുവരി 31 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചെലവഴിച്ച തുക എത്രയാണ്; | (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് വരുന്ന അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിക്കുന്നത് ജില്ലാതലത്തിൽ ആയതിനാൽ , നിയോജക മണ്ഡലം തിരിച്ചുള്ള കണക്കുകൾ സമാഹരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത ധനസഹായം ലഭിച്ചത് എത്ര പേർക്കാണെന്ന് അറിയിക്കാമോ; | (ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് വരുന്ന അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിക്കുന്നത് ജില്ലാതലത്തിൽ ആയതിനാൽ , നിയോജക മണ്ഡലം തിരിച്ചുള്ള കണക്കുകൾ സമാഹരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (സി) | പ്രസ്തുത കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഏറ്റവും കൂടുതൽ തുക വിതരണം ചെയ്തത് ഏത് മണ്ഡലത്തിലാണെന്ന് വ്യക്തമാക്കാമോ; | (സി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് വരുന്ന അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിക്കുന്നത് ജില്ലാതലത്തിൽ ആയതിനാൽ , നിയോജക മണ്ഡലം തിരിച്ചുള്ള കണക്കുകൾ സമാഹരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ഡി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | 14-11-2016-ൽപുറപ്പെടുവിച്ച GO(MS)586/16/REV ഉത്തരവ് പ്രകാരം ചികിത്സാ സഹായത്തിനും അപകട മരണത്തി നിരയാകുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായത്തിനുമായുള്ള അപേക്ഷ സ്വീകരിക്കുന്നതു മുതൽ ഗുണഭോക്താവിന് ധനസഹായം ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ലഭിക്കുന്നതുവരെയുള്ള എല്ലാ നടപടികളും ഓൺലൈൻ മുഖാന്തിരമാ ക്കിയിട്ടുണ്ട്.ഇതു വഴി സഹായധനം ലഭിക്കുന്നതിനുള്ള കാലതാമസം വൻതോ തിൽ ഒഴിവാക്കാനായി.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള അപേക്ഷ cmo.kerala. gov.in എന്ന പോർട്ടൽ വഴി നേരിട്ട് സംസ്ഥാനത്തു പ്രവർത്തിക്കുന്ന എല്ലാ അക്ഷയ സെന്ററുകൾ മുഖേനയും സമർപ്പിക്കാവുന്നതാണ്.ഇതിനായി എല്ലാ അക്ഷയ സെന്ററുകൾക്കും ലോഗിൻ ഐ.ഡി നൽകിയിട്ടുണ്ട്. മാത്രമല്ല സംസ്ഥാനത്തെ എല്ലാ |

| | | | |
|---|---|---|---|
| | | | എം.എൽ.എമാർക്കും, സംസ്ഥാനത്തുനിന്നുള്ള എല്ലാ എം.പിമാർക്കും നൽകിയിട്ടുള്ള ലോഗിൻ ഐ.ഡി.യിലൂടെയും അപേക്ഷകൾ സമർപ്പിക്കാൻ കഴിയും. തപാലിലൂടെ മുഖ്യമന്ത്രിയുടെ ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ ഓൺലൈനായി മാറ്റുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തി യിട്ടുണ്ട്.അപേക്ഷ രജിസ്റ്റർ ചെയുമ്പോൾ അക്കാര്യം ഉടനടി എസ്.എം.എസ് ആയി അപേക്ഷകനെ അറിയിക്കുന്നു.തുക അനുവ ദിക്കുന്ന മുറയ്ക്ക് ആ വിവരവും എസ്.എം.എസ് ആയി ഗുണഭോക്താവിന് ലഭിക്കും. 18004257211 എന്ന ടോൾഫ്രീ നമ്പറിൽ ഓഫീസ് സമയങ്ങളിൽ അപേക്ഷയുടെ തൽസ്ഥിതി അറിയാനും കഴിയും. അപേക്ഷകൾ സമയബന്ധിതമായും കാര്യക്ഷമമായും പരിശോധിച്ച് അർഹത പെട്ടവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ധന സഹായം നേരിട്ട് ലഭ്യമാക്കുകയാണ് ചെയുന്നത്. |

സെക്ഷൻ ഓഫീസർ